**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 136** **10-06-2024 - ൽ മറുപടിയ്ക്ക്**

**ഗുണ്ടാ ആക്രമണങ്ങളും കാപ്പ നിയമ പ്രകാരമുള്ള കരുതൽ തടങ്കലും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര ഗുണ്ട ആക്രമണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്; വിവിധ ആക്രമണങ്ങളിൽ എത്ര പേർ കൊല്ലപ്പെട്ടിട്ടുണ്ട്; എത്ര ഗുണ്ടകൾക്കെതിരെ കേസെടുത്തിട്ടുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്; വ്യക്തമാക്കുമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വിവിധ ജില്ലകളിലായി സംസ്ഥാനത്ത് 96 ഗുണ്ടാ ആക്രമണ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിവിധ ഗുണ്ടാ ആക്രമണങ്ങളിൽ 12 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. 463 ഗുണ്ടകൾക്കെതിരെ കേസ് എടുക്കുകയും 459 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജില്ലകളിലായി കാപ്പ നിയമപ്രകാരം എത്രപേരെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിൽ ഇട്ടിട്ടുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്യാൻ ബാക്കിയുണ്ട്; എത്രപേരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ജില്ലാ പോലീസ് മേധാവികളുടെ ശിപാർശ മടക്കിയിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജില്ലകളിലായി കാപ്പ നിയമം 3 (1) പ്രകാരം 1,028 പേരെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടുണ്ട്. 22 പേരെ ഇനി അറസ്റ്റുചെയ്യാൻ ബാക്കിയുണ്ട്. 1,106 പേരെ അറസ്റ്റ് ചെയ്യുന്നതിനുള്ള ജില്ലാ പോലീസ് മേധാവിമാരുടെ ശിപാർശ മടക്കിയിട്ടുണ്ട്. |
| (സി) | കാപ്പ ചുമത്തുമ്പോൾ പോലീസ് വരുത്തുന്ന വീഴ്ചകൾ പ്രതികളുടെ തടങ്കൽ റദ്ദാകുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നുണ്ടോ; നിയമത്തെക്കുറിച്ചുള്ള ഉദ്യോഗസ്ഥരുടെ അജ്ഞത ഗുണ്ടകൾക്ക് സഹായകമാകുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (സി) | കാപ്പ ചുമത്തുമ്പോൾ പോലീസിന്റെ ഭാഗത്തുനിന്നുമുള്ള വീഴ്ചകൾ മൂലം പ്രതികളുടെ തടങ്കൽ റദ്ദാകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് ഉദ്യോഗസ്ഥർക്ക് നിയമത്തെ കുറിച്ച് അജ്ഞതയുള്ളതായ സ്ഥിതിവിശേഷം ഉണ്ടായിട്ടില്ല. കൃത്യമായ ഇടവേളകളിൽ വിവിധ വിഷയങ്ങളെ സംബന്ധിച്ച് ക്ലാസുകളും സെമിനാറുകളും പോലീസ് ഉദ്യോഗസ്ഥർക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ